LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003-2004 സാമ്പത്തികവർഷത്തിൽ റോഡുകളും പാലങ്ങളും വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് രണ്ട് തവണ പണം നൽകിയിട്ടുണ്ട്. 2003 ആഗസ്റ്റ് മാസം സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർടി.) 6515/03/ഫിൻ. തീയതി 4-8-2003 പ്രകാരം 163.31 കോടി രൂപയും 2004 മാർച്ച് മാസം സർക്കാർ ഉത്തരവ് ജി.ഒ. (ആർടി.) 1658/04/ഫിൻ. തീയതി 8-3-2004 പ്രകാരം 88.39 കോടി രൂപയും നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഇതേവരെ കരാറുകാർക്ക് തുകയൊന്നും നൽകിയിട്ടില്ല. 1-4-2003 മുതൽ ദേശീയപാതാ വിഭാഗത്തിൻകീഴിൽ വരുന്ന കരാറുകാർക്ക് പണം നൽകുന്നത് കേന്ദ്ര സർക്കാർ നേരിട്ടാണ്. ഇതിനുപുറമേ സംസ്ഥാന പദ്ധതി ഇനത്തിൻകീഴിൽ വരുന്ന കരാറു പണികളുടെ തുക സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. 2003-2004 സാമ്പത്തിക വർഷം ഈ ഇനത്തിൽ 647.00 ലക്ഷം രൂപ വിവിധ കരാറുകാർക്ക് അനുവദിക്കുകയുണ്ടായി. 2003-2004-ൽ കെട്ടിട വിഭാഗത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് രണ്ടുതവണയായാണ് പണം നൽകിയത്. ഒന്നാമത്തെ തവണ 1928.54 ലക്ഷം രൂപയും രണ്ടാമത്തെ തവണ 4894.66 ലക്ഷം രൂപയും നൽകുകയുണ്ടായി. കൂടാതെ 05/03 മുതൽ 03/04 വരെ എല്ലാ മാസങ്ങളിലും കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുന്ന ജോലികൾക്കായും മറ്റു ചില പ്രധാന ജോലികൾക്കായും 1860.38 ലക്ഷം രൂപയും സർക്കാരിൽ നിന്നും നൽകിയിരുന്നു. അങ്ങനെ 2003-2004-ൽ ആകെ 8683.58 ലക്ഷം രൂപ കെട്ടിട വിഭാഗത്തിന്റെ കുടിശ്ശിക തീർക്കാനായി നൽകിയിരുന്നു. ഈ സാമ്പത്തികവർഷം കെട്ടിട വിഭാഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുന്ന ജോലികളുടെ കുടിശ്ശിക തീർക്കാൻ 319.37 ലക്ഷം രൂപ ലഭിക്കുകയുണ്ടായി.

(ബി) ഇതേവരെ കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടില്ല.

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 31-3-2004 വരെ കരാറുകാർക്ക് നിലവിലുള്ള കുടിശ്ശിക ബില്ലുകളുടെ ആകെ തുക 524 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ സംസ്ഥാന പദ്ധതി ഇനത്തിൽ 5 കോടി രൂപയും സി.ആർ.എഫ്.-ൽ 12 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 95 കോടി രൂപയും നൽകുവാൻ ബാക്കിയുണ്ട്. കുടിശ്ശിക ബില്ലുകൾ ഘട്ടംഘട്ടമായി നൽകിവരുന്നു.

ബില്ലുകൾ മാറിക്കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

100 [716] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം ചെയ്ത പണികളുടെ ബിൽ മാറി കിട്ടാത്തതു കാരണം പൊതുമരാമത്ത് വകുപ്പിലെ മിക്ക പണികളും സ്തംഭിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ പണികൾ ഏറ്റെടുത്ത് ചെയ്ത കോൺട്രാക്ടർമാരുടെ ബിൽ യഥാസമയം മാറിക്കൊടുക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ പണികൾ ഏറ്റെടുത്ത് പൂർത്തീകരിച്ച കോൺട്രാക്ടർമാർക്ക് എന്ത് തുക നൽകുവാനുണ്ട്?

ഉത്തരം

(എ ആന്റ് ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് അവർ ചെയ്തുതീർത്ത പണികളുടെ കുടിശ്ശിക ബില്ലിനത്തിൽ 31-3-2004 വരെ 524 കോടി രൂപ നൽകാനുണ്ട്. ദേശീയപാത വിഭാഗത്തിൽ സംസ്ഥാന പദ്ധതി ഇനത്തിൽ 5 കോടി രൂപയും സി.ആർ.എഫ്.-ൽ 12 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 95 കോടി രൂപയും നൽകുവാനുണ്ട്.

ആലപ്പുഴ സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടി

101 [717] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്;

(ബി) ഈ വർക്കിന്റെ ഡിസൈൻ, ഡ്രോയിംഗ് എന്നിവ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ വർക്ക് എന്നത്തേക്ക് തുടങ്ങുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 11-11-2003-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) ഇല്ല. സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കി ലഭിക്കേണ്ടതുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടാമ്പി ഗവൺമെന്റ് സംസ്കൃത കോളേജിലെ സയൻസ് ബ്ലോക്കിന്റെ നിർമ്മാണം

102 [718] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ഗവൺമെന്റ് ശ്രീ. നീലകണ്ഠ സംസ്കൃത കോളേജിലെ സയൻസ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം സ്തംഭിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സയൻസ് ബ്ലോക്ക് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly